**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5323** **12-08-2021 - ൽ മറുപടിയ്ക്ക്**

**കയർ ഭൂവസ്ത്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളിലൂടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതിന് ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂവസ്ത്രങ്ങൾ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര കോടി രൂപ ലഭിച്ചുവെന്ന് അറിയിക്കുമോ? | (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറിനും വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്സുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിയ്ക്കും, റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കി വരുന്നു. 2021 വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസും കയർ വികസന വകുപ്പും വിവിധ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 120 കോടി രൂപയുടെ (161,33,33 സ്ക്വയർ മീ.) കയർ ഭൂവസ്ത്ര പരിപാടിയ്ക്ക് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കയർ ഭൂവസ്ത്ര വിതരണത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കയർ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | കയർ ഭൂവസ്ത്ര വിതാനം ഏറ്റെടുത്ത് നടപ്പിലാക്കുന്ന സ്ഥാപനം | എം.ഒ.യു. ഒപ്പ് വച്ചതിൽ ഇതുവരെ നടപ്പിലാക്കിയ ഓർഡർ തുക |
|---|---|---|
| കൊല്ലം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട് | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ | 4.32 കോടി രൂപ |
| തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് | കയർ ഫെഡ് | 16.84 ലക്ഷം രൂപ |
| മലപ്പുറം, കോട്ടയം, വയനാട് | ഫോംമാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ് | 89.94 ലക്ഷം രൂപ |